## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1578

13.06.2014-ലെ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എസ്.ശർമ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മറ്റ് പല ആവശ്യങ്ങൾക്കുമായി ഫണ്ട് വകമാറ്റൽ നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | മെയിന്റനൻസ് ഗ്രാന്റിൽ 2013-14 സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധ്യതയില്ലാത്ത തുക കേന്ദ്ര ഫണ്ട് ലഭിക്കുമ്പോൾ തിരികെ നൽകാമെന്ന വ്യവസ്ഥയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്നതിന് ഉത്തരവായിരുന്നു. |
| ബി) | 2013-14ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ ഏതെല്ലാം ഇനങ്ങൾക്കാണ് വക മാറ്റുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | ബി) | 2013-14-ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വേതനം നൽകാൻ സംരക്ഷണ ഫണ്ടിലെ ചെലവാകാത്ത തുക നൽകാൻ നിർദ്ദേശിച്ചിരുന്നു. |
| സി) | ഇത്തരത്തിൽ വകമാറ്റൽ നടത്തിയതുമൂലം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക നഷ്ടം വന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | സി) | നഷ്ടം വന്നിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത് തിരികെ നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. |

(...2)

| | |
|---|---|
| ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നും രണ്ടും വാർഷിക പദ്ധതി നടത്തിപ്പിൽ എത്ര ശതമാനം ഫണ്ട് വിനിയോഗം നടക്കാതെ പോയിട്ടുണ്ടായിരുന്നു എന്ന് വെളിപ്പെടുത്താമോ ? | ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതിയായ 2012-13-ൽ വാർഷിക പദ്ധതിയ്ക്ക് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് രണ്ടാം വാർഷിക പദ്ധതിയായ 2013-14-ൽ 31.03.2014 വരെയുള്ള താത്കാലിക കണക്കനുസരിച്ച് 18% വിനിയോഗം നടക്കാതെ പോയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നും രണ്ടും വാർഷിക പദ്ധതി നടത്തിപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം പൂർണ്ണമായും നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ